# ബൈബിൾ ട്രൂത്ത്

NOVEMBER YEAR: 2023



# THE BIBLE TRUTH

പിതാവായ ദൈവം

↓

പുത്രനായ ക്രിസ്തു മുഖാന്തരം

↓

അപ്പൊസ്തലന്മാർക്ക് നൽകി

↓

അപ്പൊസ്തലന്മാർ മുഖാന്തരം

↓

സർവ്വ ലോകത്തിനും നൽകി

↓

ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 40** | **November 2023** | **No.11**


## എഡിറ്റോറിയൽ

പ്രകൃതിക്ഷോഭങ്ങൾ, പകർച്ചവ്യാധികൾ എന്നിവ അടിക്കടി ലോകത്തിൽ പല ഭാഗത്തും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. നിരപരാധികൾ പലരും അവയ്ക്കിരയാവുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം കാണുമ്പോൾ ആളുകൾക്കുള്ളിൽ ചിന്താക്കുഴപ്പം ഉണ്ടാകുന്നുണ്ട്. ദൈവം ഇതെല്ലാം കാണുന്നില്ലേ? ദൈവത്തിന് അവ നിയന്ത്രിച്ച് ഒഴിവാക്കിക്കൂടേ എന്നെല്ലാം ആളുകൾ ചോദിക്കുകയും ചെയ്യാറുണ്ട്. വാസ്തവത്തിൽ നാം ഇതിന്റെ ഉറവിടത്തിലേക്കും കാരണത്തിലേക്കും തിരിയണം. സത്യാവസ്ഥ മനസ്സിലാക്കിയാൽ തെറ്റിദ്ധാരണ ഒഴിവാകും. പണ്ടും ഇങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ട്. പഴയ നിയമകാലത്ത് യിസ്രായേൽ ജനം മിസ്രയീമിൽ അടിമകളായിരുന്നപ്പോൾ അവരുടെ കഷ്ടത നിമിത്തം അവർ ദൈവത്തോട് അപേക്ഷിക്കയും ദൈവം അവരെ വിടുവിക്കാൻ മോശെയെയും അഹരോനെയും അവിടേക്ക് അയച്ചു. മിസ്രയീം ഫറവോനോട് അവർ ദൈവജനത്തെ വിടുവിക്കാൻ ആവശ്യപ്പെട്ടു എങ്കിലും ഫറവോൻ കൂട്ടാക്കിയില്ല. അതുകൊണ്ട് സർവ്വശക്തനായ ദൈവത്തിന്റെ ശക്തി കാണിക്കയുണ്ടായി. പത്തു ബാധകളെ അവർക്കിടയിൽ അയച്ചു. ദൈവത്തെ ധിക്കരിക്കുന്നവർ തിരിച്ചറിയുന്നതിനു ദൈവം ലക്ഷണങ്ങൾ കാണിക്കും. പഴയ നിയമകാലത്ത് ഇത്തരം അടയാളങ്ങൾ യിസ്രായേൽ ജനം വളരെയധികം കണ്ടിട്ടുണ്ട്. പ്രപഞ്ചത്തെയും മനുഷ്യരെയും

സൃഷ്ടിച്ച സൃഷ്ടികർത്താവിനെ അനുസരിക്കുവാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്.

ദൈവത്തോടുള്ള ബന്ധം ആളുകൾ മനസ്സിലാക്കി ജീവിക്കേണ്ടവരാണ്. അതിനു പകരം ആളുകൾ സ്വസ്നേഹികളും സ്വാർത്ഥമതികളും അമ്മയപ്പന്മാരെ ബഹുമാനിക്കാത്തവരുമാണ്. ഈ വക നിമിത്തം ദൈവകോപം അനുസരണം കെട്ടവരിൽ വരുന്നു. മനുഷ്യർ ദൈവത്തെ കോപിപ്പിക്കുമ്പോൾ ദൈവശിക്ഷ പ്രകടമാകും. അങ്ങനെ പ്രകൃതിക്ഷോഭത്താലോ പകർച്ചവ്യാധിയാലോ ദൈവം ഇടപെട്ടു പ്രവർത്തിക്കുമ്പോൾ ആളുകൾ വീണ്ടും ദൈവത്തെ പഴിക്കുകയല്ല വേണ്ടത്, പിന്നെയോ ആളുകൾ തങ്ങളുടെ തെറ്റുകൾ തിരുത്തുകയാണ് ചെയ്യേണ്ടത്. ദൈവത്തിന്റെ വചനം ശക്തിയുള്ളതാണ്. ആ വചനത്തിലെ കൽപ്പനകൾ മനുഷ്യർ അനുസരിച്ചു ജീവിച്ചാൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും. ലോകപ്രകാരം എല്ലാം വിവേചിക്കുകയാണ് അധികംപേരും ചെയ്യുന്നത്. കാരണം അവരുടെ അറിവ് ലൗകീകമാണ്. പുതിയ നിയമം ആത്മീയ നിയമമാണ്. യേശുക്രിസ്തു മനുഷ്യരെ പാപത്തിൽ നിന്നു വിടുവിക്കാനാണ് വന്നത്. ദൈവീക പദ്ധതി, ദൈവസ്വഭാവം എന്നിവ ലോകത്തിനു വെളിപ്പെടുത്തിയതാണ്. സത്യദൈവത്തെ അറിയാതെ മനുഷ്യർ വിഗ്രഹങ്ങളെ സേവിക്കുന്നവർ നിരവധിയാണ്. അതു ദൈവത്തെ തുച്ഛീകരിക്കുന്നതും ദൈവം വിലക്കിയിരിക്കുന്നതും ആണ്. പക്ഷേ, ആളുകൾ അതിനെയെല്ലാം ന്യായീകരിക്കയാണ് ചെയ്യുന്നത്. പക്ഷേ, ദൈവത്തോട് പ്രത്യുത്തരം പറവാൻ നമുക്ക് ആർക്കും കഴിയുകയില്ല. ദൈവം അരുളിച്ചെയ്തതിനെ നാം അങ്ങനെ തന്നെ അനുസരിക്കുന്നതാണ് ഉത്തമം.

പുതിയ പുതിയ പേരുകളിൽ ഇന്നു രോഗങ്ങൾ അറിയപ്പെടുന്നുണ്ട്. രോഗങ്ങളും വ്യാധികളും വർദ്ധിച്ചു വന്നിരിക്കുന്നു. ചിക്കുൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി, പക്ഷിപ്പനി എന്നിങ്ങനെ നീണ്ടുപോകുന്നു ഇത്തരം രോഗങ്ങൾ. ഡോക്ടർമാർക്ക് രോഗനിർണ്ണയം പോലും അസാധ്യമായിരിക്കുന്നു. അതിന്റെ പേരിൽ വിദഗ്ധരും രാഷ്ട്രീയക്കാരും തമ്മിൽ വാദവും തർക്കവും നടക്കുന്നു. ലൗകീക മനുഷ്യർ ഇതിനു കണ്ടെത്തുന്ന കാരണങ്ങൾ പലതാണ്.

കുറെയൊക്കെ അവ രോഗം പരത്തുന്നവയാണ്. പക്ഷെ മുഖ്യകാരണത്തിലേക്കു അവർ കടക്കുന്നില്ല. നമ്മുടെ മനസ്സ് നേർപാതയിൽ ചിന്തിക്കണം. അപ്പോൾ മാത്രമേ പ്രവൃത്തികൾ ശരിയാകയുള്ളു. ശരീരത്തെയും ശരീരത്തിന്റെ ഇച്ഛയെയും ദൈവത്തിനായി ഉപയോഗിക്കാതെ വരുമ്പോൾ ശരീരം രോഗത്തിനടിമയാകും. ദൈവാത്മാവു വസിക്കുന്നതിനു വേണ്ടിയാണ് ശരീരത്തെ ദൈവം മെനഞ്ഞുണ്ടാക്കിയത്. ശരീരത്തെക്കാൾ ആത്മാവിനെയാണ് കണക്കാക്കേണ്ടത്. ആത്മാവിന്റെ വില ആളുകൾ ഗണ്യമാക്കാതെയാണ് ജീവിക്കുന്നത്. ഇവ ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു ലഭിക്കുവാനാണ് ആളുകൾക്ക് താൽപ്പര്യം. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയാണ് ആളുകൾ ബദ്ധപ്പെടുന്നത്. ഇതിനു മാറ്റം വരുത്തണം. പക്ഷെ അതിനു ആളുകളുടെ അറിവു സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണം. സകല മനുഷ്യരും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. പരിജ്ഞാനമില്ലാതെയായാൽ ആളുകൾ നഷ്ടപ്പെട്ടുപോകും.

ഈവിധം ദുരന്തങ്ങൾ ഒഴിവാക്കുവാൻ കഴിയും. പക്ഷെ നാം മനസ്സുവെക്കണം. അതിനു മനുഷ്യർ ദൈവത്തിൽ ആശ്രയിക്കണം. ഏതു സാഹചര്യവും ദൈവത്തിനു മാറ്റം വരുത്തുവാൻ കഴിയും. ദൈവത്തെ പ്രസാദിപ്പിക്കുവാൻ വിശ്വാസം വേണം. മനസ്സ് ദൈവത്തിലേക്കു തിരിയണം. മനസ്സു പുതുക്കി രൂപാന്തരപ്പെടണം. ഇതുവരെ പൊയ്ക്കൊണ്ടിരിക്കുന്ന മാർഗ്ഗത്തെ വിട്ടുകളഞ്ഞു ദൈവവഴിയിൽ സഞ്ചരിക്കണം. യേശു ദൈവപുത്രനാണെന്നു ഏറ്റുപറഞ്ഞു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പാപമോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്യണം. ഇതിനു പുറമെ ദൈവത്തെ വചനപ്രകാരം ആരാധിക്കുകയും വിശ്വസ്തമായി ക്രിസ്തീയ പരിശീലനം അവസാനത്തോളം നയിക്കുകയും വേണം. യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുവാൻ എല്ലാവരും തയ്യാറായാൽ അതു ദൈവത്തിനു പ്രസാദമായിരിക്കും. ദൈവകോപം ഒഴിവാകുകയും ചെയ്യും. ലോകമെങ്ങും വ്യാപിച്ചിരിക്കുന്ന കർത്താവിന്റെ സന്ദേശം ആളുകൾ സ്വീകരിക്കണം. ഈ സത്യം മനസ്സിലാ

ക്കുന്ന നിങ്ങൾ ദൈവവചനസത്യം അനുസരിക്കുവാൻ മനസ്സ് ദൈവത്തിൽ ഏൽപ്പിക്കുമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അതു നീട്ടിവെക്കരുത് എന്നു ദൈവത്തിന്റെ മനസ്സലിവ് ഓർമ്മിപ്പിച്ചു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. മരിക്കുന്നതിനു മുൻപ് നിങ്ങളുടെ ജീവിതം ക്രമീകരിക്കുക. കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിച്ചു രക്ഷിക്കപ്പെടുക.

✶

# തെറ്റായ തീരുമാനങ്ങൾ -നിത്യമായ ഫലങ്ങൾ

**ബെറ്റി ബർട്ടൺ ചോട്ട്**

## ദാമ്പത്യത്തിലെ പോരാട്ടങ്ങൾ

ദാമ്പത്യജീവിതം പ്രതിസന്ധികൾ ഉള്ളതാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി കാണുകയില്ല. അതിന്റെ കാരണം നോക്കിയാൽ അതു തെറ്റായ തീരുമാനങ്ങൾ എടുക്കുന്നതു കൊണ്ടാണെന്ന് തിരിച്ചറിയാൻ കഴിയും. ഉല്പത്തി 1 ഉം 2 ഉം അദ്ധ്യായങ്ങൾ പരിശോധിച്ചാൽ ദൈവം ആകാശത്തെയും ഭൂമിയെയും മൃഗങ്ങളെയും പക്ഷികളെയും സസ്യങ്ങളെയും മാത്രമല്ല, തന്റെ സാദൃശ്യത്തിൽ ദൈവം ജീവനുള്ള മനുഷ്യരെയും സൃഷ്ടിച്ചു. "ദൈവം തന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും അവർ ഏകദേഹമായിത്തീരും" (ഉല്പത്തി 1:27; 2:24).

യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അവനോടു വിവാഹത്തെക്കുറിച്ചും വിവാഹമോചനത്തെക്കുറിച്ചും ചോദിച്ചപ്പോൾ അവൻ അതിനു പ്രതികരിക്കുകയുണ്ടായി. "പരീശന്മാർ അവന്റെ അടുക്കൽ വന്നു ഏതുകാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നതു വിഹിതമോ എന്നു അവനെ പരീക്ഷിച്ചു ചോദിച്ചു.

അതിനു അവൻ: സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ, ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത് എന്നു ഉത്തരം പറഞ്ഞു" (മത്തായി 19:3-6).

മോശെയുടെ കാലത്ത് വിവാഹമോചനത്തിനു അനുവാദം കൊടുത്തതിനെക്കുറിച്ചു ചോദിച്ചപ്പോൾ യേശു പറഞ്ഞു. "നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം അത്രേ ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചത്. ആദിയിൽ അങ്ങനെ ആയിരുന്നില്ല. ഞാനോ നിങ്ങളോടു പറയുന്നതു പരസംഗം നിമിത്തം അല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു." (മത്തായി 19:8-9).

ഭാര്യഭർത്തൃബന്ധത്തിന്റെ ഊഷ്മളമായ ബന്ധത്തെ നാം എഫെസ്യ ലേഖനം 5:22-23 വരെ വായിക്കുന്നുണ്ട്. "ഭാര്യമാരേ, കർത്താവിനു എന്ന പോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നതു പോലെ ഭർത്താവ് ഭാര്യയ്ക്ക് തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതു പോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കണം.

ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനു കറ, ചുളുക്കം, മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധവും നിഷ്ക്കളങ്കയുമായി തനിക്കുതന്നെ തേജസോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കു വേണ്ടി ഏൽപ്പിച്ചുകൊടുത്തു അവ്വണ്ണം ഭർത്താക്കന്മരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ലല്ലോ; ക്രിസ്തുവും സഭയെ ചെയ്യുന്നതു പോലെ അതിനെ പോറ്റിപ്പുലർത്തുകയത്രേ

ചെയ്യുന്നത്... എന്നാൽ നിങ്ങളും അങ്ങനെ തന്നേ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു."

വിവാഹത്തിൽ ദൈവേഷ്ടം എന്തെന്നു വേദഭാഗത്തിൽ നമുക്കു വരച്ചു കാണിച്ചുതന്നിരിക്കയാണ്. സ്നേഹിക്കുന്ന ഒരു നടത്തിപ്പുകാരനായി ഭർത്താവ് തീരണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. അതുപോലെ ഭർത്താവിനു കീഴ്പ്പെട്ട്, ബഹുമാനിച്ച് ജീവിക്കണമെന്നാണ് ദൈവം ഭാര്യയിൽ നിന്നു പ്രതീക്ഷിക്കുന്നത്. വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എല്ലാ അർത്ഥത്തിലും അവർ ഒന്നായിത്തീരണമെന്നാണ് ദൈവം ഇച്ഛിക്കുന്നത്. അങ്ങനെ ജീവിക്കുമ്പോൾ അവർക്കു മാതൃകാപരമായ ബന്ധം അന്യോന്യം സൂക്ഷിക്കാൻ കഴിയും. അതു ദൈവസന്നിധിയിൽ പ്രസാദകരവുമായിരിക്കും.

ഈ ലോകത്തിൽ "പൂർണ്ണതയുള്ളതു അപൂർവ്വമാണ്. രണ്ടു വ്യത്യസ്ത വ്യക്തികൾ ഒന്നായിത്തീരുന്നു. അവരുടെ പശ്ചാത്തലം വേറെയാണ്, അവരുടെ ഇഷ്ടാനിഷ്ടങ്ങൾ വേറെയാണ്. അവർക്കു ലഭിച്ച അറിവും വ്യത്യസ്തമായിരിക്കും. ആകാരവും സംസ്കാരവും എല്ലാം വ്യത്യസ്തമായിരിക്കും. എല്ലാം കൊണ്ടും വൈവിധ്യമാർന്ന വ്യക്തികളാണ് രണ്ടുപേരും. ആണും പെണ്ണുമായിട്ടാണ് വളർന്നത് - പൂർണ്ണതയുള്ള ഒന്നിന്റെ രണ്ടു ഭാഗങ്ങളായി അവസാനം ഒന്നാകുന്നു. പൂർണ്ണത വരുന്നതു അവർ നിഷ്ക്കളങ്കമായി അന്യോന്യം സ്നേഹിക്കയും വീഴ്ചകൾ വരുമ്പോൾ അന്യോന്യം താങ്ങുകയും വേണം. ദൈവത്തോടുള്ള ബന്ധത്തിൽ മാത്രമേ ക്ഷമിക്കാനും പൊറുക്കാനും കഴിയു. സ്നേഹം പോറലുകളെ ഉണക്കും. ഒരാളുടെ പോരായ്മ മറ്റൊരാൾ നികത്തിയെടുക്കണം. എങ്കിലേ പൂർണ്ണത കൈവരിക്കാനാകു.

വ്യത്യസ്ത മൂല്യങ്ങളും ലക്ഷ്യങ്ങളുമായിരുന്നു വിവാഹത്തിനു മുൻപു രണ്ടുപേർക്കും ഉണ്ടായിരുന്നത്. മതപരമായ സമർപ്പണവും രണ്ടുപേർക്കും ഉണ്ടായിരുന്നതു വിഭിന്നമായിട്ടായിരുന്നു. വിവാഹത്തെ സംബന്ധിച്ചു രണ്ടുപേർക്കും പരിചയമില്ലാതെയാണ് വരുന്നത്. വേണ്ടത്ര പക്വതയില്ലാതെയാണ് വിവാ

ഹജീവിതത്തിലേക്കു പ്രവേശിക്കുന്നത്. ചിലരെ നിർബന്ധിച്ച് വിവാഹം ചെയ്യിക്കാറുണ്ട്. വേറെ ചിലർ ആലോചനയില്ലാതെ എടുത്തുചാടി അതിലേക്കു പ്രവേശിക്കുന്നവരുമാണ്. ഇവയെല്ലാം ഇതുപോലെ വേറെയും പ്രശ്നങ്ങൾക്കു കാരണമാകും. തെറ്റിദ്ധാരണ മൂലമുള്ള സംസ്കാരങ്ങൾ, വ്രണപ്പെടുത്തുകയും ചെയ്യാറുണ്ട്. ചിലർ ചോദിക്കാം ഇത്തരം നൂലാമാലകളെല്ലാം ഉള്ള വിവാഹജീവിതം അത്രയ്ക്കു യോഗ്യമോ? പോരാട്ടത്തിനു യോഗ്യമോ ദാമ്പത്യ ജീവിതം!

ദാമ്പത്യജീവിതത്തെ പല രീതിയിലാണ് ആളുകൾ നോക്കി കാണുന്നത്. "പരിശോധനയും തെറ്റും ഉള്ള ഒരു പരീക്ഷണമാണ് ദാമ്പത്യജീവിതമെന്ന് അനേകർ വിലയിരുത്തിയിട്ടുണ്ട് - വിവാഹം കഴിഞ്ഞ ദമ്പതികൾ അവർക്ക് പൊരുത്തപ്പെടാൻ കഴിയുന്നില്ലെങ്കിൽ വിവാഹമോചനമാണ് അവർ കണ്ടെത്തുന്ന പ്രശ്നപരിഹാരം. ഇതിനേക്കാൾ നല്ല മറ്റൊരാൾ ഉണ്ടാകും എന്ന തോന്നലാണ് അവരെക്കൊണ്ട് അതു ചെയ്യിക്കുന്നത്. ഇത്തരം മനോഭാവം അടിസ്ഥാനപരമായ സമർപ്പണത്തിനു ഭംഗം വരുത്തുകയാണ്. വളരെ കുറച്ചുപേർ മാത്രമാണ് സമർപ്പണം കൂടാതെ, കൊടുക്കൽ-വാങ്ങൽ, സഹിഷ്ണുത, ക്ഷമാശീലം എന്നിവ പ്രായോഗികമാക്കി അവരുടെ ബന്ധം നിശ്ചയദാർഢ്യത്തോടെ തുടരുന്നുള്ളു. ലോകത്തിൽ എല്ലാ രാജ്യങ്ങളിലും വിവാഹം നടക്കുന്നുണ്ട്. പല രീതിയിലും ഭാവത്തിലുമാണ്. പക്ഷേ പരസ്പര ബന്ധം വിജയകരമാകണമെങ്കിൽ അവർ ദൈവിക മാതൃക പിൻപറ്റുക തന്നെ വേണം.

വിവാഹം ദൈവം വെച്ചിരിക്കുന്നത് മാനുഷിക ബന്ധങ്ങളുടെ അടിസ്ഥാനം ഇടുന്നതിനാണ്. വിവാഹത്തിലൂടെ ഒരു കുടുംബം ഉണ്ടാകുന്നു. ആ വർദ്ധനവ് ദേശീയമായി ഭവിക്കുന്നു. അവർ വളർന്നു വികസിച്ച് സംസ്കാരവും പരിഷ്കാരവുമുള്ളവരായി തീരുന്നു. എന്നാൽ ആത്മിക പരിജ്ഞാനത്തിൽ വളർന്ന് ദൈവത്തിന്റെ നിത്യഭവനത്തിലേക്കു നാം ഒരുങ്ങുകയാണ് ചെയ്യുന്നത്. ഭൗതീക ഭവനവും ആത്മീക ഭവനവും രണ്ടു സ്ഥാപനം ദൈവം രൂപപ്പെടുത്തിയിരിക്കുന്നത് നമ്മുടെ ശരീരത്തിന്റെയും ആത്മാവിന്റെയും ഇച്ഛകൾ നിറവേറ്റുന്നതിനാണ്.

മനുഷ്യരുടെ ചിന്തകൾക്കപ്പുറമാണ് ദൈവത്തിന്റെ പദ്ധതി. ദൈവത്താൽ യോജിപ്പിച്ചവരെ വേർപിരിക്കുന്നതു ദൈവസന്നിധിയിൽ കുറ്റകരമാണ്. അവർ ദൈവത്തിന്റെ ഉദ്ദേശത്തെ മാനിക്കാതെ പ്രവർത്തിക്കുന്നവരാണ്. ഐകരൂപത്തിൽ ജീവിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. യോജിപ്പിച്ചവരെ അതു തുടരുവാനാണ് അനുവദിക്കേണ്ടത്. പ്രശ്നങ്ങൾ ഉണ്ടായാൽ രമ്യമായി വചനാനുസരണം പരിഹാരം കണ്ടെത്തണം.

വിവാഹം അത്ര കാര്യമല്ല എന്നോ, അത്ര ഞെരുങ്ങേണ്ടതില്ല എന്നോ നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ നിങ്ങളുടെ ചിന്ത ദയവായി മാറ്റുക. കാരണം കുത്തഴിഞ്ഞ പുസ്തകം വായിക്കുവാനോ അതുദ്ദേശിച്ച ഫലമോ നേടാതെ പോകും. നിങ്ങൾ തിരഞ്ഞെടുക്കുന്നതാണ് നിങ്ങളുടെ പങ്കാളി. അതു തോന്നുമ്പോൾ വലിച്ചെറിയാനുള്ള ഒരു പാത്രമല്ല. മറിച്ച് അതിനെ വളരെ സുക്ഷിച്ച് കാര്യക്ഷമമായി ഉപയോഗിക്കണം. പരസംഗം എന്ന ഏകകാരണമാണ് ഉപേക്ഷണത്തിനു കർത്താവ് പറഞ്ഞിരിക്കുന്ന കാരണം. ദൈവത്താൽ വിലക്കിയിരിക്കുന്നത് ആരും ചെയ്യരുത്. ദൈവത്തെ ധിക്കരിക്കുന്നത് ദൈവകോപത്തിനിരയാക്കും. അനുസരണക്കേടുകൊണ്ട് രക്ഷപ്പെടാമെന്ന് ആരും വിചാരിക്കരുത്. വിവാഹം സന്തോഷപ്രദവും സമാധാനപ്രദവുമാകും, ദൈവേഷ്ടം മനസിലാക്കി ജീവിച്ചാൽ ദൈവത്തെ മറന്ന് ജീവിക്കുന്നവർക്കാണ് ദാമ്പത്യം സുഖപ്രദമായി നയിക്കാൻ കഴിയാത്തത്.

✶

# അറിവില്ലാത്ത്വർ രക്ഷിക്കപ്പെടുമോ?

**ഡേവിഡ് തർമാൻ**

പലർക്കും ഒരു ചോദ്യമായി അവശേഷിക്കുന്ന വിഷയ

മാണിത്. അറിയായ്മയുടെ കാര്യത്തിൽ വാദിക്കുന്ന ആളുകൾ. ദൈവത്തിന്റെ രക്ഷ എല്ലാവർക്കുമായിട്ടുള്ളതാണ്. ആ രക്ഷ എങ്ങനെ ലഭിക്കുമെന്ന് ആളുകൾ അറിഞ്ഞിരിക്കണം. എന്നാൽ ദൈവകൽപ്പനകളോ, അരുളപ്പാടുകളോ അറിഞ്ഞിട്ടില്ലാത്ത അജ്ഞതയിൽ കഴിയുന്നവർക്കു രക്ഷയുണ്ടോ എന്നതാണ് ചോദ്യം. എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്നു മനുഷ്യരോടു ദൈവം കല്പിക്കുന്നു (പ്രവൃത്തി 17:30). എല്ലാവരും മാനസാന്തരപ്പെടണമെന്നു വ്യക്തമായി ഈ വാക്യം വെളിപ്പെടുത്തുന്നു. ഇതിനു പകരമായി ആർക്കും ഒന്നും ചെയ്യാനാവില്ല. സുവിശേഷ സന്ദേശം ഒരിക്കലും കേട്ടിട്ടില്ലാത്തവരും ഇതിൽ ഉൾപ്പെടും. അജ്ഞത രക്ഷക്കു സഹായകരമാണെന്ന വസ്തുത പൊതുവിൽ ഉള്ളതാണ്; മാനുഷികമാണ്. വേദപുസ്തകത്തിൽ എന്താണ് കൽപ്പിച്ചിട്ടുള്ളത്?

പ്രസംഗിക്കാതിരിക്കുന്നതല്ല ആളുകളെ ശിക്ഷക്കു വിധിക്കുന്നത് എന്ന കാര്യം നാം ആദ്യം അറിഞ്ഞിരിക്കണം. പാപം ചെയ്യുന്ന ദേഹിയാണ് മരിക്കുന്നത് (യെഹെസ്കേൽ 18:20). പാപത്തിന്റെ ശമ്പളം മരണമത്രെ (റോമർ 6:23). നീതിമാൻ ആരുമില്ല, ഒരുത്തൻ പോലും ഇല്ല; ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു (റോമർ 3:23). ആളുകൾ നഷ്ടപ്പെടുന്നതു മറ്റൊന്നുകൊണ്ടുമല്ല. അവരുടെ പാപം നിമിത്തമാണ്. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല. വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിസ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു (യോഹന്നാൻ 3:17-18). ലോകത്തെ വിധിച്ചുകഴിഞ്ഞു. യേശുക്രിസ്തു വന്നപ്പോഴാണ് ശിക്ഷക്കു വിധിച്ചത്. പാപത്തിൽ നിന്നും മരണത്തിൽ നിന്നും പുറത്തു കടക്കുവാനുള്ള ഒരു വഴി അവൻ നല്കി. ലോകം മുഴുവൻ ഈ സംഭവം അറിയപ്പെട്ടു കഴിഞ്ഞതാണ്; അല്ലെങ്കിൽ പ്രഖ്യാപിച്ചുകഴിഞ്ഞതാണ്.

അജ്ഞത ആരെയെങ്കിലും രക്ഷിക്കുമെങ്കിൽ അയാളുടെ പാപം നിലനിർത്തിക്കൊണ്ടായിരിക്കണമല്ലോ അങ്ങനെ ചെയ്യുന്നത്. അതായത് യേശുക്രിസ്തുവിനെയോ അവന്റെ രക്തത്തെയോ കൂടാതെയാണെന്നു വരുന്നു. മനുഷ്യർ എങ്ങനെയുള്ളവരായിരുന്നാലും ഒരേ ഒരു രക്ഷകനും ഒരേ ഒരു രക്ഷാനിലവാരവുമാണ് ദൈവത്തിനുള്ളത്. വിവിധ രീതിയിലുള്ള നിലവാരമല്ല ദൈവത്തിന്റേത്. ദൈവനീതി എല്ലാവർക്കും ഒരുപോലെയാണ് ഉള്ളത്. അവസാനം വരെ പാപത്തിൽ ജീവിച്ചിട്ടു അറിയായ്മകൊണ്ടു ദൈവത്തോടു അടുക്കാമെങ്കിൽ ലോകം മുഴുവൻ സുവിശേഷം അറിയിച്ചതും വ്യർത്ഥമായില്ലേ? തന്നെയുമല്ല എക്കാലവും നിലനില്ക്കുന്ന ഒരു കാര്യമുണ്ട്. മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല (പ്രവൃത്തി 4:12). നിങ്ങൾ ക്രിസ്തുവിനു പുറത്താണെങ്കിൽ നിങ്ങളെ ശിക്ഷക്കു നിയമിച്ചു കഴിഞ്ഞു. കാരണം ക്രിസ്തുവിന്റെ വചനത്തെ മാനിക്കുന്നില്ല എന്നതാണ്. അതു പാപം നിമിത്തമാണ്. പാപപരിഹാരം കണ്ടെത്തുക എന്നതാണ് വ്യക്തികളുടെ കടമ. തികച്ചും പ്രായോഗികവും ദൈവസന്നിധിയിൽ സ്വീകാര്യവുമായ വഴി കണ്ടെത്തണം.

രക്ഷിക്കപ്പെടുവാനുള്ള അവസരം ലഭിക്കാതെ നഷ്ടപ്പെട്ടുപോകുന്നു എന്ന ചിന്ത നമ്മുടെ മാനുഷിക നീതിബോധത്തെ ഉണർത്തുന്നു. ആത്മിയമായി അവർ മരിക്കേണ്ടി വരിക എന്നതു മനുഷ്യർക്കു വിഷമകരമാണ്. പക്ഷേ, ജീവിതത്തിൽ മറ്റേതൊരു കാര്യത്തിലും നമ്മൾ അതു പ്രായോഗികമാക്കുന്നില്ല. നമ്മൾ അറിഞ്ഞ സത്യം മറ്റുള്ളവരെ അറിയിക്കുവാനുള്ള കർത്തവ്യം നമ്മിൽ ഉണ്ട്. നമുക്കു നമ്മുടെ അജ്ഞതയിൽ കഴിഞ്ഞു സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള മാർഗ്ഗം ഉണ്ടായിരുന്നെങ്കിൽ യേശു സ്വർഗ്ഗം വെടിഞ്ഞു ഭൂമിയിൽ വരേണ്ട ആവശ്യം തന്നെ ഉണ്ടായിരുന്നില്ല; സുവിശേഷം ലോകത്തിൽ എല്ലായിടത്തും പ്രസംഗിക്കുകയും ചെയ്യേണ്ടിയിരുന്നില്ല. അറിയാതെ തെറ്റു ചെയ്യുന്നു എന്നു പറഞ്ഞാൽ നമുക്കു മനസ്സിലാക്കാം. പക്ഷെ തെറ്റു ചെയ്തിട്ടു രക്ഷയ്ക്കുള്ള മാർഗ്ഗം അറിഞ്ഞില്ല എന്നു പറയുന്നതു

നീതീകരിക്കാൻ പറ്റാത്ത ഒന്നാണ്. അജ്ഞത നിങ്ങളെ മോഷണത്തിൽ നിന്നു രക്ഷിക്കാറില്ല. വൈദ്യുതാഘാതത്തിൽ നിന്നു അജ്ഞത ആരെയും രക്ഷിക്കാറില്ല.

ആകയാൽ പാപത്തിൽ നിന്നു അറിയായ്മയുടെ പേരിൽ രക്ഷിക്കണമെന്നു പറയുന്നതു ദൈവസന്നിധിയിൽ നീതി ആകയില്ല. ദൈവം കൃപാലുവാണ്, ദയയും മനസ്സലിവും ഉള്ളവനാണ്, രക്ഷ ദൈവത്തിന്റെ കൃപയാൽ ലഭിക്കുന്ന സൗജന്യമാണ് എന്നതെല്ലാം ശരിയാണ്, ദൈവനീതി നിറവേറ്റുവാൻ യേശു ശരീരത്തിൽ കഷ്ടത സഹിച്ചു, ക്രൂശിൽ ദാരുണമായി കൊല്ലപ്പെട്ടു. മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുവാനായിരുന്നു അതെല്ലാം. അതുകൊണ്ടു യേശുക്രിസ്തു മുഖാന്തരം അല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ എത്തുവാൻ കഴിയുകയില്ല.

✶

# പിശാചിനെ തോല്പിക്കാനുള്ള ഏക മാർഗം

### ഗ്യാരി സി. ഹാംടൺ

ശരിയായി ചിന്തിക്കാൻ കഴിയുന്ന ഏതൊരാൾക്കും സംശയലേശമെന്യെ പറയാവുന്ന കാര്യമാണ് സാത്താൻ ഇന്നും ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്നു എന്നത്. അക്രമവും ദുഷ്ടതയും  നമുക്കു ചുറ്റും വർദ്ധിച്ചുകൊണ്ടിരിക്കയാണ്. നമ്മുടെ ടെലിവിഷനിൽ കൂടെ ദൃശ്യമാകുന്ന കാഴ്ചകൾ തന്നെ സാമാന്യ ധാർമ്മികതക്കപ്പുറത്തുള്ളവയാണ്. ക്രിസ്ത്യാനിത്വത്തിന്റെ ശക്തിയെയും ഫലത്തെയും ചോദ്യം ചെയ്യുന്നവർ പോലും ഉണ്ട്. ഒരു വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കയാണ് എല്ലാവരും. യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർ സത്യത്തിൽ നിന്നകന്നു പോകുന്നതിനെയും ആളുകൾ ചോദ്യം ചെയ്യാറുണ്ട്. എന്തുകൊണ്ടാണ് സഭയ്ക്ക് സമൂഹത്തിൽ ചെലുത്താൻ കഴിയുന്നതിനേക്കാൾ സ്വാധീനം സഭയിൽ സമൂഹം ചെലുത്തുന്നത്? എന്തു

കൊണ്ടു അനേകം പാപികൾ വെളിച്ചത്തിലേക്കു വരുന്നില്ല?

ഭിന്നത എന്ന ലളിതവും ശക്തവും മരണകരവുമായ ഒരു വാക്കിൽ തട്ടിനില്ക്കുന്നു. അതാണ് ഭിന്നത എന്നത്. ഇന്നു ലോകത്തിൽ എല്ലാ രാജ്യങ്ങളിലും കാണാവുന്നതാണ്. മതപരമായ ലോകത്തിൽ ഈ വിഭജനം ലോകത്തിൽ അവിശ്വാസം ജനിപ്പിക്കും. മതപരമായ ലോകത്തിൽ കലക്കം ആണ് ഇതുണ്ടാക്കുന്നത്. ഈ കലക്കം സമാധാനപ്രഭുവിൽ നിന്നുത്ഭവിച്ചതല്ല. ആത്മീയ വിവരങ്ങളെക്കുറിച്ച് അറിവില്ലാതിരുന്ന കൊരിന്ത്യാസഭക്കു അപ്പൊസ്തലനായ പൗലൊസ്, അതെങ്ങനെ ഉപയോഗിക്കണമെന്നു നിർദ്ദേശിക്കുന്നുണ്ട്. അവൻ അവരോടു പറഞ്ഞു: പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്കു കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമത്രെ (1 കൊരിന്ത്യർ 14:32-33). ക്രിസ്ത്യാനിത്വത്തെ കലക്കിയിട്ടിരിക്കുന്ന സമൂഹം അതിന്റെ ശക്തിയെയും സ്വാധീനത്തെയും എങ്ങനെ അനുഭവിക്കും?

ഈ ഭിന്നത എന്ന പ്രശ്നത്തിനുള്ള ഏക പരിഹാരം ഐക്യതയാണ്. നമ്മുടെ സമൂഹത്തെ എങ്ങനെയെങ്കിലും മാറ്റിയെടുക്കാൻ സഹായിക്കുകയാണെങ്കിൽ ദൈവഭയമുള്ളവർ ശ്രമിക്കേണ്ടതു ഈ വിധത്തിലാണ്. നമ്മുടെ സാമാന്യബുദ്ധി ദൈവനീതിക്കായി ഉണരണം. ദുഷ്ടനിൽ നിന്നു തന്റെ ശിഷ്യന്മാരെ വിടുവിക്കേണ്ടതിന്; തന്റെ ക്രൂശീകരണത്തിനു മുൻപ് അവർക്കായി പ്രാർത്ഥിക്കുന്നുണ്ട്. പിശാചിന്റെ തന്ത്രത്തിൽ നിന്നും അവന്റെ ഉപായപ്രവർത്തനത്തിൽ നിന്നും അവർ വിമുക്തരായിരിക്കേണ്ടത് ആവശ്യമായിരുന്നു. പിന്നീട് ദൈവവചനം കേട്ട് അനുസരിക്കുവാനിരിക്കുന്നവർക്കു വേണ്ടിയും അവൻ പ്രാർത്ഥിക്കുന്നുണ്ട്. ഇവർക്കു വേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ (യോഹന്നാൻ 17:20-21). ലോകത്തുള്ള

മനുഷ്യരെ ക്രിസ്തുവിലേക്കു കൊണ്ടുവരുവാൻ നമുക്ക് ഐക്യത ആവശ്യമാണ്. എങ്ങനെ നമുക്ക് ഐക്യത കൈവരിക്കാം?

**ഒരു പൊതു നിർദ്ദേശത്തിന്റെ ഉറവിടം**

ആദ്യമായി എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതു നിർദ്ദേശം ആവശ്യമാണ്. "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:48). ന്യായവിധി യേശുക്രിസ്തുവിന്റെ വചനാടിസ്ഥാനത്തിലായതിനാൽ അവയാണ് സ്വീകാര്യമായ ഏറ്റവും നല്ല നിർദ്ദേശം. അവന്റെ കല്പനകളും ഉപദേശങ്ങളും മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷ ഭാഗങ്ങളിൽ കാണാം. "തെയോഫിലോസേ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു ആരോഹണം ചെയ്ത നാൾ വരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലോ" (പ്രവൃത്തി 1:1). ആകയാൽ പുതിയ നിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങളിൽ യേശുവിന്റെ ഉപദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവൻ പഠിപ്പിച്ച കാര്യങ്ങൾ എല്ലാം തന്നെ സ്വയമായവയായിരുന്നില്ല. പിതാവിന്റെ ഉപദേശമായിരുന്നു. ശത്രുവിന്റെ പ്രലോഭനങ്ങളിൽ കുടുങ്ങാതെ അവനെ പരാജയപ്പെടുത്തുവാൻ ഈ ഉപദേശപ്രകാരമുള്ള ജീവിതമാണാവശ്യം.

പുതിയ നിയമത്തിലെ ശേഷം ഭാഗങ്ങളും ക്രിസ്തുവിന്റെ വചനമായി തന്നെ നാം തിരിച്ചറിയണം. യേശു, അപ്പൊസ്തലന്മാരോടു പറഞ്ഞതു പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ അവർക്കു സകലവും ഉപദേശിച്ചുകൊടുക്കുമെന്നും അവരോടു അവൻ പറഞ്ഞതു ഒക്കെയും ഓർമ്മപ്പെടുത്തുകയും ചെയ്യുമെന്നാണ് (യോഹന്നാൻ 14:26; 16:13). നാം ദൈവസന്നിധിയിൽ കൊള്ളാകുന്നവരായി കാണപ്പെടണമെങ്കിൽ നാം പുതിയ നിയമം ശ്രദ്ധയോടെ വായിച്ച് പഠിച്ച് അനുസരിച്ച് ജീവിക്കുകയും

ദൈവത്തെ സേവിക്കയും ചെയ്യണം.

**ഒരേ ഒരു വിശ്വാസം മാത്രം**

"നിങ്ങൾക്കു നിങ്ങളുടെ വിശ്വാസം, എനിക്ക് എന്റെ വിശ്വാസം" എന്ന പൊതുവായ ഒരു പ്രസ്താവന നിങ്ങൾ കേട്ടിരിക്കാം. പല വിശ്വാസം ദൈവത്തിൽ നിന്നോ ക്രിസ്തുവിൽ നിന്നോ അപ്പൊസ്തലന്മാരിൽ നിന്നോ ഉത്ഭവിച്ചതല്ല. ദൈവശ്വാസിയരായ അപ്പൊസ്തലന്മാരിൽ നിന്നു നമുക്കു ലഭിച്ചത് ഏക വിശ്വാസമാണ് (എഫെസ്യർ 4:4–5). ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചുകൊണ്ടു യുദയും വിശുദ്ധന്മാർക്കായി ഒരിക്കലായി തന്നിരിക്കുന്ന ഏകവിശ്വാസത്തെ പരാമർശിച്ച് എഴുതിയിട്ടുണ്ട് (യുദാ 3). ഒന്നാമത്തെ സുവിശേഷ യാത്രക്കു ശേഷം പൗലൊസും, ബർന്നബാസും ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നീ സ്ഥലങ്ങളിൽ ശിഷ്യന്മാരെ ഏക വിശ്വാസത്തിൽ നിലനില്ക്കാൻ ഉത്തേജിപ്പിക്കുന്നുണ്ട് (പ്രവൃത്തി 14:21–22).

ക്രിസ്തുവിനെ പിൻപറ്റുന്നവർ സ്വീകരിക്കേണ്ട വിശ്വാസവും ജീവിത മാതൃകയും, ദൈവശ്വാസിയരായ അപ്പൊസ്തലന്മാരും ലേഖകരും പ്രതിപാദിച്ചിട്ടുണ്ട്. അത് ആർക്കും മാറ്റാവുന്നതല്ല. എല്ലാവർക്കും ഉള്ള ഏക നിലവാരമാണ് അത്. നിങ്ങൾ ഈ പുതിയ നിയമ വിശ്വാസത്തിൽ ആണോ എന്നു നിങ്ങൾ തന്നെ ശോധന ചെയ്യുക. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ യേശുക്രിസ്തു നിങ്ങളിൽ ഉണ്ടു എന്നു നിങ്ങളെത്തന്നെ അറിയുന്നില്ലയോ? (2 കൊരിന്ത്യർ 13:5–6).

✶

# വിഭാഗീയരഹിത ക്രിസ്ത്യാനിത്വം

## ഗ്ലെൻ കോളെ

ഒരാൾ ഏതെങ്കിലും നാമധേയ വിഭാഗത്തിൽ അംഗമാണ് എന്നു പറയുന്നതു തികച്ചും സമൂഹത്തിൽ അംഗീകരിച്ചിരിക്കുന്ന

വസ്തുതയാണല്ലോ. എന്നാൽ അതിന്റെ ഗൗരവാവസ്ഥ ആരും പരിഗണിക്കുന്നില്ല. ആളുകളെ കാഴ്ചപ്പാടിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ അംഗമായിരിക്കണം എന്നേയുള്ളു. അതേതായാലും കുഴപ്പമില്ല എന്നതാണ് അവരുടെ തോന്നൽ. നാമധേയ വിഭാഗങ്ങളിൽ എല്ലാം തന്നെ ബഹുമാന്യരായ ധാരാളം ആളുകൾ ഉണ്ട്. അതുകൊണ്ട് നാമധേയ വിഭാഗങ്ങളെ ആളുകൾ പ്രശ്നമാക്കുന്നേയില്ല. വാസ്തവത്തിൽ എണ്ണിയാൽ തീരാത്ത വണ്ണം ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ശൃംഖലയാണ് ഇത്. എന്താണ് നാമധേയ വിഭാഗം എന്നാൽ? അതറിഞ്ഞു കൂടാത്ത ധാരാളം പേർ ലോകത്തിലുണ്ട്.

പ്രത്യേകം നാമമെടുത്തു വിഭജിച്ചിരിക്കുന്ന ഓരോ സംഘടനകളാണ് നാമധേയ വിഭാഗങ്ങൾ. മതപരമായി സ്വയം പേരെടുത്തിരിക്കുന്ന വ്യത്യസ്ത സമുദായങ്ങളായി നിലകൊള്ളുന്നവരെയാണ് നാമധേയ വിഭാഗങ്ങൾ എന്നറിയപ്പെടുന്നത്. ഓരോന്നും സ്വതന്ത്ര ക്രിസ്ത്യൻ സംഘടനകളായി അറിയപ്പെടുന്നു. ഏതു വിഭാഗത്തിലായാലും കുഴപ്പമില്ല എന്നതാണ് അവരുടെ ചിന്ത. സ്വർഗത്തിൽ പോകുന്നതിനു അതൊന്നും തടസമല്ല എന്ന കണക്കുകൂട്ടലിലാണ് അവർ. സ്വർഗ്ഗത്തിൽ പോകുവാൻ അവരുടെ വിഭാഗത്തിൽതന്നെ അംഗങ്ങളായിരിക്കണം എന്ന് അവർക്കു നിർബന്ധമില്ല. ഒരു വിഭാഗം മറ്റൊന്നുപോലെ നല്ലതാണ് എന്നാണ് അവരുടെ വിശ്വാസം. പക്ഷെ ഓരോരുത്തരും അവരവരുടെ സമുഹമാണ് മെച്ചപ്പെട്ടതെന്നു അവർ വാദിക്കും. അവരുടെ കാഴ്ച്ചപ്പാടിൽ സഭ എന്നതു വലിയ ഒരു സമുഹവും നാമധേയ വിഭാഗങ്ങളെല്ലാം അതിലെ ഓരോ ശാഖകളും ആകുന്നു എന്നതാണ് അവരുടെ ആശയം. പക്ഷെ ദൈവവുമായുള്ള ബന്ധത്തിൽ ഈ വിഷയത്തെ അവർ പരിശോധിക്കാറില്ല.

ക്രിസ്ത്യാനികളെക്കുറിച്ചോ സഭയെക്കുറിച്ചോ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന സത്യം ബഹു ഭൂരിപക്ഷം ജനങ്ങൾക്കും അറിഞ്ഞുകൂടാ. അഥവാ ചുരുക്കം പേർ മനസിലാക്കിയാലും അത്ര ഗൗരവമായി എടുത്തിട്ടില്ല. അവർക്കു ദൈവ

ത്തിന്റെ ഹിതം വാസ്തവത്തിൽ അറിയണമെന്നുണ്ടായിരുന്നെങ്കിൽ അവർ പുതിയ നിയമം ശരിയായി വായിക്കുമായിരുന്നു. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ യുക്തിസഹജമായി ഗ്രഹിക്കുമായിരുന്നു. തന്നെയുമല്ല, ദൈവനിയമവിരുദ്ധമായ നാമധേയ ആശയങ്ങളെ അവർ വിട്ടുകളയുമായിരുന്നു. നാമധേയ വിഭാഗീയത ഇല്ലാത്ത ക്രിസ്ത്യാനിത്വത്തെയാണ് വേദപുസ്തകം പ്രബോധിപ്പിക്കുന്നത്. തിരുവെഴുത്തുകളെ വിശ്വസിക്കുന്നവർ ഈ സത്യത്തെ സ്വീകരിക്കും. നാമധേയ വിഭാഗങ്ങളിലെ അംഗത്വത്തേക്കാൾ ക്രിസ്തുവിന്റെ സഭയിലെ അംഗത്വമാണ് ദൈവം അംഗീകരിക്കുക എന്നതാണ് പരമാർത്ഥം. ദൈവാത്മാവിനാൽ പ്രചോദിതരായ ലേഖകന്മാരുടെ പ്രസ്താവനകളെ വേദവാക്യമായി നമുക്ക് എടുക്കാവുന്നതാണ്.

ഒരു നാമധേയ വിഭാഗത്തിലും അംഗമാകാതെ വിശ്വസ്തരായ ക്രിസ്ത്യാനികളായി ജീവിക്കുവാനും ക്രിസ്തുവിനെ ശുശ്രൂഷിക്കുവാനും മരണംവരെ ഇന്നും അവസരമുണ്ട്. അങ്ങനെ മരിച്ചാൽ പിന്നീട് സ്വർഗ്ഗത്തിൽ എന്നേക്കും ദൈവവുമായി വസിക്കാനും സാധിക്കും എന്നു നിങ്ങൾക്കറിയാമോ? അതു സാദ്ധ്യമാണ്, യാഥാർത്ഥ്യമാണ്. ലോകത്തിൽ ഉള്ള നാമധേയ വിഭാഗങ്ങളിൽ അംഗങ്ങളാകാൻ ബൈബിളിൽ ദൈവം പറഞ്ഞിട്ടില്ല. അങ്ങനെ ചെയ്താൽ ദൈവം വെറുക്കുകയും ചെയ്യുന്നു. എന്നാൽ ബൈബിളിൽ സഭയെ വെളിപ്പെടുത്തിയിട്ടുണ്ട്. അതു വിഭജിക്കപ്പെട്ടതല്ല. പിന്നെയോ ഏക സഭയാണ്. ആ സഭ ക്രിസ്തുവിനുള്ളതാണ്; ക്രിസ്തുവാണ് ആ സഭയുടെ തല. ഇതാണ് പലർക്കും മനസ്സിലാക്കാൻ കഴിയാത്തത്. അതുകൊണ്ട് അവർ സഭയെ ഭൗതീക സംഘടനയായി അവർ മാറ്റിയിരിക്കയാണ്. അതുകൊണ്ട് അവരുടെ സംഘടനകൾക്കെല്ലാം ഓരോ മാനുഷിക തലയും തലസ്ഥാനവും അവർ രൂപ്പെടുത്തിയിരിക്കുന്നു. ബൈബിളിലെ പുതിയ നിയമസഭയുടെ ചിത്രം നിങ്ങൾക്കു കിട്ടുവാൻ അപ്പൊസ്തലനായ പൗലൊസിന്റെ ലേഖനങ്ങൾ വായിക്കണം. നിഷ്പക്ഷമായി പരിശോധിച്ച് കാര്യങ്ങൾ വസ്തുനിഷ്ഠമായി ഉൾക്കൊള്ളുക. ഏകമെന്ന് അല്ലെങ്കിൽ ഒന്ന് എന്ന് വിചാരിക്കുന്ന ഏഴു കാര്യങ്ങളെ പരാമർശിക്കുന്നുണ്ട്. എഫെസ്യ

ലേഖനം 4-ാം അദ്ധ്യായത്തിൽ നാമധേയ വീഭാഗീയതയിൽ വിശ്വസിച്ചുകൊണ്ട് ഒരാൾക്കു എഫെസ്യ ലേഖനത്തിലെ ഈ വിവരണം വിശ്വസിക്കുവാൻ പ്രയാസമാണ്.

✶

# ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടോ?

## ജെ.സി. ചോട്ട്

*ബൈ*ബിൾ ട്രുത്തിലെ ലേഖനങ്ങളായ ബൈബിളിലെ അത്ഭുതങ്ങൾ, സഭ, ആരാധനയിൽ ഉപകരണ സംഗീതം ഉപയോഗിക്കുന്നത് തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളും സംശയങ്ങളുമാണ് വായനക്കാരിൽ നിന്നും അധികവും കിട്ടുന്നത്. യോഹന്നാനാൽ യേശു സ്നാനപ്പെടുന്നതു മുതൽ പൗലൊസ് യേശുവിനോടു കൂടെ ഉണ്ടാകാതിരുന്നതു കൊണ്ട് അവന് എങ്ങനെ അപ്പൊസ്തലനാകാൻ കഴിയും എന്ന് ചിലർ ചോദിച്ചിട്ടുണ്ട്. ഈ ചോദ്യങ്ങൾക്കെല്ലാം എഴുത്തുകളിലുട വീണ്ടും വീണ്ടും ഉത്തരങ്ങൾ എഴുതിയിട്ടുണ്ട്. ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടോ? അവയിൽ ചിലതു ഞാൻ വീണ്ടും പറയാൻ പോകുകയാണ്. ഒന്നാമത്തെയും രണ്ടാമത്തെയും തവണ അതു വായിക്കാൻ പറ്റാതിരുന്നവർക്കു വേണ്ടി ഒരിക്കൽ കുടെ എഴുതുകയാണ്, ശ്രദ്ധിക്കുമല്ലൊ.

ഈ സംശയങ്ങളുടേയും ചോദ്യങ്ങളുടേയും കാരണം എന്തെന്നാൽ മതസംഘടനകളും സമുദായങ്ങളും ആളുകളെ തെറ്റുപഠിപ്പിച്ചു വെച്ചിരിക്കുന്നതു കൊണ്ടാണ്. തെറ്റ് ശരി എന്നു വിശ്വസിച്ചിരിക്കുന്നവർ സത്യം കേൾക്കുമ്പോൾ സംശയിക്കുകയോ അതു തെറ്റാണെന്നു ധരിക്കുകയോ ചെയ്യും. അതു സ്വാഭാവികമാണ്. അപ്പൊസ്തലനായ പൗലൊസിന്റെ കാലത്ത് ജീവിച്ചിരുന്ന ചിലർ സത്യത്തെ ഭോഷ്ക്കായും ഭോഷ്ക്കിനെ സത്യമായും വിശ്വസിച്ചിരുന്നതായി പറയുന്നുണ്ട് (റോമർ 1:25). ദൈവത്തിന്റെ അരുളിച്ചെയ്ത സത്യവചനത്തെ തള്ളിക്കളഞ്ഞ് ആളു

കൾ മനുഷ്യരുടെ ഉപദേശങ്ങളെ പഠിപ്പിക്കുന്നു.

ഇന്ന് അത്ഭുതങ്ങൾ നടക്കുന്നുണ്ടോ? ഇന്ന് അത്ഭുതങ്ങൾ എന്നു പറയുന്നവ അത്ഭുതങ്ങളേ അല്ല. ഒരാൾ കഷ്ടിച്ചു മരണത്തിൽ നിന്നു രക്ഷപ്പെട്ടാൽ ആളുകൾ പറയും അയാൾ അത്ഭുതകരമായി രക്ഷപ്പെട്ടു എന്ന്. വാഹനാപകടത്തിൽ ഒരാൾ ഒഴിച്ച് മറ്റെല്ലാവരും മരിച്ചുപോയാൽ ആളുകൾ എന്തു പറയും? ഒരാൾ അത്ഭുതകരമായി രക്ഷപ്പെട്ടു എന്നു വിലയിരുത്തും. പ്രപഞ്ച നിയമത്തിനു എതിരായി നടന്നിട്ടുള്ളതാണ് ബൈബിളിലെ അത്ഭുതങ്ങൾ. യേശുവും അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പ് ലഭിച്ചവരും അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. അവ ആളുകളെ വിശ്വസിപ്പിക്കുന്നതിനും ദൈവവചനം ഉറപ്പിക്കുന്നതിനും ആയിരുന്നു. യേശു ചെയ്ത അത്ഭുതങ്ങൾ അവന്റെ ശിഷ്യന്മാരുടെ സാന്നിധ്യത്തിലായിരുന്നു, അതു കൂടിവന്നവരെ വിശ്വസിപ്പിക്കേണ്ടതിനായിരുന്നു. "ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേക അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു" (യോഹന്നാൻ 20:30,31).

യേശുവിനെയും അപ്പൊസ്തലന്മാരെയും കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു, "ഇങ്ങനെ കർത്താവായ യേശു അവരോടു അരുളിച്ചെയ്ത ശേഷം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു. അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു; കർത്താവു അവരോടു കൂടെ പ്രവർത്ധിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു" (മർക്കൊസ് 16:19,20).

എന്തുകൊണ്ട് അത്ഭുതങ്ങൾ ആവശ്യമായിരുന്നു? അന്ന് പുതിയ നിയമം പൂർണ്ണമായി എഴുതപ്പെട്ടിരുന്നില്ല. അതുകൊണ്ട് കേൾക്കുന്നവരെ വിശ്വസിപ്പിക്കേണ്ടിയിരുന്നു. അവർ സംസാരിക്കുന്നതു ദൈവവചനമാണെന്നു ബോധ്യമാക്കുകയും ചെയ്യേ

ണ്ടിയിരുന്നു. യേശു അത്ഭുതങ്ങൾ ചെയ്തു താൻ ദൈവപുത്രൻ തന്നെ എന്നു തെളിയിച്ചു. അപ്പൊസ്തലന്മാർ സംസാരിച്ചത് ദൈവത്തിന്റെ വചനം തന്നെ ആണെന്ന് അത്ഭുതങ്ങൾ ചെയ്ത് തെളിയിച്ചുകൊടുത്തു. ക്രിസ്തുവിനു രോഗികളോടും ഭൂതബാധിതരോടും കുരുടന്മാരോടും അനുകമ്പയുണ്ടായിരുന്നു. എന്നാൽ അവൻ എല്ലാവരേയും സൗഖ്യമാക്കിയില്ല. പല അവസരങ്ങളിലും യേശുവും അപ്പൊസ്തലന്മാരും അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തതു അവർ ദൈവത്തിൽ നിന്നുള്ളവരാണെന്നും തങ്ങൾ സംസാരിക്കുന്നത് ദൈവത്തിന്റെ വചനമാണെന്നും ബോധ്യപ്പെടുത്തി.

പരിശുദ്ധാത്മസ്നാനം അപ്പൊസ്തലന്മാർക്കാണ് വാഗ്ദാനം ചെയ്തിരുന്നത്. യോഹന്നാൻ 14:16–26; യോഹന്നാൻ 15:26,27; 16:1–16 വായിക്കുക. പിന്നെ ലൂക്കൊസ് 24:46–49 ഉം പ്രവൃത്തികൾ 15:26,27; 16:1–16 വായിക്കുക. പിന്നെ ലൂക്കൊസ് 24:46–49 ഉം 1:8 ഉം വായിക്കുക. യെരുശലേമിൽ കൂടി വന്നിരുന്ന അപ്പൊസ്തലന്മാരിൽ ശക്തി വരികയും അവർ അവിടെ കൂടിവന്നിരുന്ന സകല ദേശക്കാരും ഭാഷക്കാരുമായിരുന്ന യെഹൂദന്മാരോട് അവരുടെ ഭാഷകളിൽ (അന്യഭാഷ) സംസാരിച്ചു (പ്രവൃത്തി 2:16). അതിന്റെ എല്ലാം ഫലമായി അപ്പൊസ്തലന്മാർക്ക് അവിടെ ഉണ്ടായിരുന്ന എല്ലാവരോടും പ്രസംഗിക്കുവാൻ കഴിഞ്ഞു. അതു വിശ്വസിച്ചവരോടു മാനസ്സാന്തരപ്പെട്ടു സ്നാനമേല്ക്കുവാൻ കല്പിക്കയും അന്ന് മൂവായിരം പേർ അവരുടെ വചനം കേട്ടു വിശ്വസിച്ചു സ്നാനം ഏറ്റു രക്ഷിക്കപ്പെട്ടു അവരെ കർത്താവു തന്റെ സഭയോടു ചേർക്കുകയും ചെയ്തു (പ്രവൃത്തികൾ 2:37;38,41,47). അത്ഭുതത്തോടുകൂടെയാണ് സുവിശേഷം പൂർണ്ണതയോടെ പ്രസംഗിക്കാൻ തുടങ്ങിയത്.

പ്രവൃത്തികളുടെ പുസ്തകം തുടർന്നു വായിച്ചാൽ പത്രൊസും യോഹന്നാനും (അപ്പൊസ്തലന്മാർ) സുന്ദരം എന്ന ദൈവാലയ ഗോപുരത്തിൽ വെച്ചു ഒരു മുടന്തനെ സൗഖ്യമാക്കി (പ്രവൃത്തികൾ 3:1–10). അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ

ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നു (പ്രവൃത്തികൾ 5:12). അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിച്ചവരായ പ്രവൃത്തികൾ 6-ാം അദ്ധ്യായത്തിലെ ഏഴുപേരും അത്ഭുതങ്ങൾ ചെയ്തു അവരെ സഹായിച്ചിട്ടുണ്ട്. അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പു ലഭിച്ചവരും, കുടാതെ കൊർന്നെല്യൊസിന്റെ ഭവനത്തിൽ ഉള്ളവർക്കും യെഹൂദന്മാരെ പോലെ ജാതികളെയും ദൈവം അംഗീകരിക്കുന്നു എന്ന് ബോധ്യപ്പെടുത്തുവാനും അത്ഭുതം പ്രവർത്തിച്ചിട്ടുണ്ട് (പ്രവൃത്തികൾ 10,11). മറ്റാർക്കും അത്ഭുതങ്ങൾ ചെയ്യുവാനുള്ള കഴിവു ലഭിച്ചിരുന്നില്ല. അപ്പൊസ്തലന്മാർക്കും അവരുടെ കൈവെപ്പു ലഭിച്ചവർക്കും പരിശുദ്ധാത്മ ശക്തിയുണ്ടായിരുന്നു. തുടർന്നു അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പ് ലഭിച്ചവരും മരണമടഞ്ഞു. അതിനു മുൻപ് പുതിയ നിയമം പുസ്തകരൂപത്തിൽ എഴുതി പൂർത്തിയാവുകയും ചെയ്തു. അതുകൊണ്ട് പൂർണ്ണമായതു വന്നപ്പോൾ അംശമായതു നീങ്ങിപ്പോയി (1 കൊരിന്ത്യർ 13:8). ഇനി ആളുകൾ വിശ്വസിക്കേണ്ടതു ദൈവത്തിന്റെ വചനം കേട്ടിട്ടു വേണം. വചനം പൂർണ്ണമായി കിട്ടിയതുകൊണ്ട് ഇനി ഉറപ്പിക്കേണ്ട ആവശ്യമില്ല (റോമർ 10:17).

അതിനർത്ഥം ദൈവത്തിനു ഇന്നു അത്ഭുതം ചെയ്യാൻ കഴിയുകയില്ല എന്നാണോ? ഒരിക്കലുമല്ല. കാരണം ദൈവം സർവ്വശക്തനാണ്. അവനു എന്തും ചെയ്യാൻ കഴിയും. എന്നാൽ ഇപ്പോൾ അവന്റെ ഇഷ്ടമാണോ അല്ലയോ എന്നതാണ്. വാസ്തവത്തിൽ ദൈവം അത്ഭുതകരമായിട്ടാണ് ആകാശവും ഭുമിയും അതിലുള്ള സകലവും സൃഷ്ടിച്ചത്. അതിൽ പുരുഷനും സ്ത്രീയും ഉൾപ്പെടുന്നു. എന്നിട്ട് പ്രത്യുല്പാദനശേഷി കൊടുത്തു. ഓരോന്നിനും അതിന്റേതായാ തരത്തിൽ പ്രത്യുല്പാദനവും നടത്താൻ കഴിയുന്നു. വീണ്ടും ദൈവത്തിനു അത്ഭുതങ്ങളാൽ സൃഷ്ടിതു്വം തുടരേണ്ട ആവശ്യമില്ല. അതുപോലെ ദൈവത്തിനു ഒരു നിയമം പ്രാബല്യത്തിൽ വരുത്തുവാനും ആളുകളെ ബോധ്യപ്പെടുത്തുവാനും അത്ഭുതങ്ങൾ ആവശ്യമായിരുന്നു. ആ ഉദ്ദേശം നിവർത്തിയാക്കുകയും ചെയ്തു. പിന്നീട് അതു ചെയ്യേണ്ട ആവശ്യമില്ല. അപ്പോൾ

പിന്നെ രോഗികളെ ദൈവം സൗഖ്യമാക്കുകയില്ലേ എന്നു ചോദിച്ചേക്കാം. ദൈവം ചെയ്യുന്നതു ഡോക്ടർമാരിൽ കൂടെയും മരുന്നുകളിൽ കൂടെയും മറ്റും പ്രവർത്തിക്കുന്നു. നാം ദൈവത്തിൽ ഉറച്ചു വിശ്വസിച്ചാൽ അടയാളങ്ങളുടേയും അത്ഭുതങ്ങളുടേയും ആവശ്യമില്ല. ആത്മരക്ഷയ്ക്കും നിത്യജീവനും ദൈവം ഇന്നു വെച്ചിരിക്കുന്നതു ശക്തിയുള്ള അവന്റെ വചനമാണ്.

ഇന്നും അത്ഭുതം നടക്കുന്നു എന്ന് അവകാശപ്പെടുന്നവർ ഉണ്ട്. അവർക്കു മരിച്ചവരെ ഉയിർപ്പിക്കാനോ കുരുടർക്കു കാഴ്ച കൊടുക്കാനോ കയ്യുംകാലും നഷ്ടപ്പെട്ടവർക്ക് അവ തിരിച്ചു കൊടുപ്പാനോ കഴിയുകയില്ല. അതു സർവ്വ മനുഷ്യർക്കും അറിയാവുന്ന സത്യമാണ്. പക്ഷെ ആളുകൾ പലരും ബൈബിളിലെ അത്ഭുതങ്ങളുടെ ഉദ്ദേശത്തെയും മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. പുതിയ നിയമത്തിൽ യേശുക്രിസ്തു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാരും അവർ കൈവെച്ചവരും മാത്രമേ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തിരുന്നുള്ളു എന്നതു തർക്കമില്ലാത്ത സംഗതിയാണ്. ഇന്നു അത്ഭുതങ്ങൾ ചെയ്യുന്നതു ദൈവേഷ്ടമല്ല. അതിന്റെ ആവശ്യവുമില്ല. ദൈവേഷ്ടത്തിനു എതിരായി ചിന്തിക്കുന്നതു തന്നെ തെറ്റാണ്.

സഭയെ സംബന്ധിച്ച്, കർത്താവ് ഒരു സഭയാണ് പണിതത് (മത്തായി 16:18,19). ക്രിസ്തു സഭയുടെ രക്ഷിതാവാണ് (എഫെസ്യർ 5:23). അവൻ സഭയുടെ തലയാണ് (കൊലൊസ്യർ 1:18). അതു അവന്റെ പേരിനാൽ അറിയപ്പെടുന്നു (റോമർ 16:16), അവൻ വീണ്ടും വന്നു ആ സഭയെ പിതാവിനു ഏൽപ്പിച്ചുകൊടുക്കും (1 കൊരിന്ത്യർ 15:24). അതു എന്നേക്കും നിലനില്ക്കും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (ദാനിയേൽ 2:44). ആ സഭ ഇന്നും ഉണ്ട്. കർത്താവിന്റെ സുവിശേഷത്താൽ വിളിച്ചു വേർതിരിക്കുന്നവരുടെ കൂട്ടമാണ് സഭ. രക്ഷിക്കപ്പെടുന്നവരെ കർത്താവ് തന്റെ സഭയോടു ചേർക്കുന്നു (പ്രവൃത്തികൾ 2:47).

ആരാധനയെ സംബന്ധിച്ച് നാം സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം. ആരാധനയുടെ ഭാഗമായി നാം ഹൃദ

യത്തിൽ കർത്താവിന്നു പാട്ടുപാടുവാൻ ആവശ്യപ്പെട്ടിരിക്കുന്നു (എഫെസ്യർ 5:19; കൊലൊസ്യർ 3:16). പുതിയ നിയമത്തിൽ ഉപകരണങ്ങൾ ഉപയോഗിച്ചു പാട്ടുപാടുന്ന മാതൃക നാം വായിക്കുന്നില്ല. സഭയുടെ ചരിത്രം പരിശോധിച്ചാൽ ആദ്യനൂറ്റാണ്ടിൽ വിശ്വാസികൾ പാട്ടുകൾ പാടിയിരുന്നു. ഉപകരണങ്ങൾ ഉപയോഗിച്ചതേയില്ല. മനുഷ്യർ പിന്നീട് പലതും കൂട്ടിച്ചേർത്തവയിൽ ഉപകരണങ്ങളും കടന്നുവരുന്നു. ആരാധന ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുള്ളതാണ്. മനുഷ്യരുടെ ആഗ്രഹങ്ങൾ തൃപ്തിപ്പെടുത്തുന്നതും ദൈവാരാധനയിൽ ആകരുത്. ദൈവേഷ്ടം മാനിക്കുന്നവരെ മാത്രമേ ദൈവം ആഗ്രഹിക്കയുള്ളു.

യുദയുടെ സ്ഥാനത്തേക്ക് മറ്റൊരാളെ അപ്പൊസ്തലന്മാർ തിരഞ്ഞെടുത്തപ്പോൾ പറയുന്നതു യോഹന്നാന്റെ സ്നാനം മുതൽ അവരോടൊപ്പം ഉണ്ടായിരുന്നവർ ആകേണം എന്നാണ്. അങ്ങനെ രണ്ടുപേരെ ചീട്ടിട്ടു മത്ഥിയാസിനെ തിരഞ്ഞെടുത്തു. എന്നാൽ പൗലൊസ് അപ്പൊസ്തലൻ ആയിരുന്നില്ലേ? തീർച്ചയായും. പൗലൊസ് തന്റെ അപ്പോസ്തോലത്തെക്കുറിച്ച് ആവർത്തിച്ച് ആവർത്തിച്ചു പറയുന്നുണ്ട് (1 കൊരിന്ത്യർ 1:1; ഗലാത്യർ 1:1; എഫെസ്യർ 1:1). "ആ സുവിശേഷത്തിനു ഞാൻ പ്രസംഗിയും അപ്പൊസ്തലനും ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു" (2 തിമൊഥെയൊസ് 1:11). താൻ ജാതികളുടെ അപ്പൊസ്തലൻ എന്നു അവൻ പറയുന്നുണ്ട് (റോമർ 11:13). സഭയെ ഉപദ്രവിച്ചതുകൊണ്ട് താൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവൻ എന്നു പറയുന്നുണ്ട് (1 കൊരിന്ത്യർ 15:9). ദൈവം നിയമിച്ചാക്കിയ ഒരാളെ നാം സംശയിക്കേണ്ടതില്ല. തിരുവെഴുത്തു ദൈവശ്വാസിയമാകയാൽ വിശ്വസനീയമത്രെ. "ഞാൻ അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരിൽ ഒട്ടും കുറഞ്ഞവനല്ല എന്നു നിരൂപിക്കുന്നതായി പൗലൊസ് പറഞ്ഞിട്ടുണ്ട്" (2 കൊരിന്ത്യർ 11:5).

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378


To